# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ .2791

20.06.2013 ൽ
മറുപടിക്ക്

### പട്ടയം നൽകാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.സുനിൽകുമാർ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) കൊടുങ്ങല്ലൂർ താലൂക്കിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ പനങ്ങാട് വില്ലേജിലെ VII-ാം വാർഡിലെ ഐ.എച്ച്.ഡി.പി. ഹരിജൻ കോളനിയിലെ തോട്ടുപുറത്ത് കുമാരൻ, തോട്ടുപുറത്ത് വേലായുധൻ ഭാര്യ ഉഷ, പയനാട്ട് കുഞ്ചക്കൻ ഭാര്യ ജാനു എന്നിവരുടെ 162/4 ൽ ഉൾപ്പെട്ട ഭൂമിക്ക് പട്ടയം ലഭിക്കണമെന്ന അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട് |
| ബി.) പട്ടിക സമുദായത്തിൽപ്പെട്ട അപേക്ഷകർക്ക് ഭൂമിയുടെ പട്ടയം ലഭിക്കാത്തതിനാൽ സർക്കാരിൽ നിന്ന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിണ്ടുണ്ടോ ; | ബി) ഉണ്ട് |
| സി) പട്ടയം അനുവദിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ ; | സി) കൊടുങ്ങല്ലൂർ താലൂക്ക് പനങ്ങാട് വില്ലേജ് സർവ്വെ 162/4 ൽപ്പെട്ട മേൽ പറഞ്ഞ അപേക്ഷകരുടെ കൈവശത്തിലുള്ള ഭൂമി വില്ലേജ് രേഖകൾ പ്രകാരം നി.കെ. ഭൂമി എന്ന് അറിയപ്പെടുന്ന നികുതി കെട്ടാത്ത ഭൂമിയാണ്. ടി തരത്തിൽ പെട്ടിട്ടുള്ള ഭൂമികൾ മലബാർ ലാന്റ് രജിസ്ട്രേഷൻ |

| | | |
|---|---|---|
| | | നിയമം 1895 പ്രകാരം കൈവശക്കാർക്ക് ആയത് തെളിയിക്കുന്നതിനുള്ള രേഖകൾ സമർപ്പിക്കുന്ന പക്ഷം അയൽവാസികൾക്ക് എതിർപ്പില്ലെങ്കിൽ രജിസ്റ്റർ ചെയ്ത് കൊടുക്കാൻ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് കഴിയുന്നതാണ്. പ്രസ്തുത ഭൂമി കൈവശം ലഭിച്ചത് സംബന്ധിച്ച രേഖകൾ ഒന്നും തന്നെ അപേക്ഷകരുടെ പക്കൽ ലഭ്യമല്ലാത്തതിനാൽ MLR Act പ്രകാരം ടി ഭൂമി രജിസ്റ്റർ ചെയ്ത് നൽകാൻ സാധിക്കില്ല എന്ന് കക്ഷികളെ അറിയിച്ചിട്ടുള്ളതാണ്. സർക്കാർ വക പുറമ്പോക്ക് ഭൂമി അല്ലാത്തതിനാൽ ലാന്റ് അസൈൻമെന്റ് ചട്ടങ്ങൾ പ്രകാരം പട്ടയം അനുവദിക്കാൻ സാധിക്കില്ല. |
| ഡി) | പട്ടയം അനുവദിച്ച് കിട്ടുന്നതിന് എന്ത് നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ; | ഡി) നികുതി കെട്ടാത്ത ഭൂമി കക്ഷികൾ കൈവശം വച്ചിരിക്കുന്നത് സംബന്ധിച്ച് രേഖകൾ (പ്രമാണങ്ങൾ) സമർപ്പിച്ചാൽ മലബാർ ലാന്റ് രജിസ്ട്രേഷൻ ആക്ട് പ്രകാരം നടപടി സ്വീകരിക്കുന്നതാണ്. |
| ഇ) | പട്ടയം അനുവദിക്കാതിരിക്കുന്നതിന് നിയമ തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ ; | ഇ) പ്രസ്തുത ഭൂമി കൈവശം ലഭിച്ചത് സംബന്ധിച്ച രേഖകൾ ഒന്നും തന്നെ അപേക്ഷകരുടെ പക്കൽ ലഭ്യമല്ലാത്തതിനാൽ MLR Act പ്രകാരം ടി ഭൂമി രജിസ്റ്റർ ചെയ്ത് നൽകാൻ സാധിക്കില്ല. |
| എഫ്) | എന്നത്തേക്ക് മേൽ സൂചിപ്പിച്ച എ വ്യക്തികൾക്ക് പട്ടയം അനുവദിച്ച് നൽകാനാകുമെന്ന് വ്യക്തമാക്കാമോ ? | ഫ്) അപേക്ഷകർ മതിയായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ